പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3985 | 31.01.2014 ൽ<br>മറുപടിയ്ക്ക് |

## ടെക്നോപാർക്കിന്റെ മൂന്നാംഘട്ട പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ്;<br>ശ്രീ. എ.റ്റി. ജോർജ്;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. എം. പി. വിൻസെന്റ്; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ടെക്നോപാർക്കിന്റെ മൂന്നാംഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് തിരുവനന്തപുരം ടെക്നോ പാർക്കിന്റെ മൂന്നാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 92 ഏക്കർ വിസ്തൃതിയുള്ള ഈ കാമ്പസിൽ 1 മില്ല്യൻ ച: അടി വിസ്തീർണ്ണത്തിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ (SEZ) ആണ് അത്യാധുനിക അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങളോടു കൂടി 12 നിലകളിൽ ഗംഗ-യമുന എന്ന ഇരട്ട ടവർ ഐ.ടി. കെട്ടിട സമുച്ചയം നിർമ്മിച്ചിട്ടുള്ളത്. ഇതോടെ തിരുവനന്തപുരം ടെക്നോപാർക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി. പാർക്കായി മാറി. |
| ബി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ എന്തെല്ലാം വികസനങ്ങളും നേട്ടങ്ങളുമാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ കൂടുതൽ മുന്നേറ്റത്തിനും വികസനത്തിനും തുടക്കം കുറിക്കാൻ മൂന്നാംഘട്ടത്തിലെ സംരംഭത്തിന് കഴിയും. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടി പരിസ്ഥിതി സൗഹൃദ പരമായ രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയ ഈ കെട്ടിട സമുച്ചയത്തിന് "Leed Gold Status" അംഗീകാരം ലഭിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള രൂപകൽപ്പനകൊണ്ടും നിർമ്മാണ രീതിയിലെ പ്രത്യേകതകൾകൊണ്ടും ഇതിനോടകം തന്നെ ഈ കെട്ടിടം ആഗോളതലത്തിലുള്ള ഐ.ടി. സംരംഭകരെ ആകർഷിച്ചുകഴിഞ്ഞു. ഐ.ടി. വ്യവസായം വിപുലീകരിക്കുന്നത് വഴി ഈ മേഖലയിലും മറ്റനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക-സാംസ്ക്കാരിക-സാമൂഹിക-വിദ്യാഭ്യാസ മേഖലകളിൽ വികസനവും മുന്നേറ്റവും ഇതുമൂലം സാധ്യമാകും എന്നതാണ് സുപ്രധാന നേട്ടമായി കാണുന്നത്. |

| | | | |
|---|---|---|---|
| സി) | എത്ര തൊഴിലവസരങ്ങളാണ് ഇത് വഴി സൃഷ്ടിക്കപ്പെട്ടുന്നത്; വിശദമാക്കുമോ; | സി) | ടെക്നോപാർക്കിന്റെ ഈ കെട്ടിട സമുച്ചയത്തിൽ ഇതിനോടകം 22 കമ്പനികൾക്ക് SBC ഓഫീസുകൾ, 12 കമ്പനികൾക്ക് Built up സ്ഥലവും ഇതുവരെ നൽകിയിട്ടുണ്ട്. ഇതിൽ 8 കമ്പനികൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. മറ്റു കമ്പനികൾ SEZ അനുമതികൾ ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. 8 കമ്പനികളിലായി ഏകദേശം 274 പേർക്ക് നേരിട്ടുള്ള തൊഴിലവസരം ഉണ്ടായിട്ടുണ്ട്. ഘട്ടം-3 പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ ഏകദേശം 8000 പേർക്ക് പ്രത്യക്ഷമായും 32000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ഉണ്ടാകും. |
| ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിനുവേണ്ടി ഏർപ്പെടുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | 1 SEZ-Non SEZ പ്രവർത്തന മേഖലകൾ<br>2 അന്താരാഷ്ട്ര നിലവാരമുള്ള ബിസിനസ്സ് ഓഫീസുകൾ,<br>3 വൻകിട ഐ.ടി. സംരംഭകർക്കായുള്ള Full floor facility<br>4 സുഗമമായ വൈദ്യുതി, എ.സി, ജല വിതരണ സംഭരണ സൗകര്യങ്ങൾ<br>5 മികച്ച ബാൻഡ്‌വിഡ്ത്തോടു കൂടിയ ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ<br>6 നിലവാരമുള്ള റോഡുകൾ<br>7 2500 പേർക്കിരിക്കാവുന്ന ഫുഡ് കോർട്ട് സൗകര്യങ്ങൾ<br>8 ബാങ്കുകൾ, ATM ഇവ ഉൾപ്പെടെയുള്ള വാണിജ്യ സൗകര്യങ്ങൾ<br>9 സ്വീവേജ് സൗകര്യങ്ങൾ<br>10 3 ഏക്കറിൽ സജ്ജീകരിച്ചിരിക്കുന്ന Landscaping<br>11 800 ഓളം കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യങ്ങൾ<br>12 16 പാസഞ്ചർ ലിഫ്റ്റുകൾ 2 ഫ്രൈറ്റ് ലിഫ്റ്റുകൾ തുടങ്ങിയവ. |

സെക്ഷൻ ഓഫീസർ